# പതിനാലാം കേരള നിയമസഭ

## പതിനാറാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത നിയമസഭാ ചോദ്യം നമ്പർ 6202 — 20.11.2019-ൽ മറുപടിയ്ക്ക്.

## നാടൻ പശുക്കളുടെ സംരക്ഷണത്തിനും വളർച്ചക്കും ഉതകുന്ന പദ്ധതികൾ

| ചോദ്യം<br>ശ്രീ.വി. അബ്ദുറഹിമാൻ | മറുപടി<br>ശ്രീ.കെ രാജു<br>(വനവും, മൃഗസംരക്ഷണവും, ക്ഷീരവികസനവും, മൃഗശാലകളും വകുപ്പ് മന്ത്രി) |
|---|---|
| (എ) ദേശീയ ക്ഷീരവികസന ബോർഡിന്റെ കണക്കുപ്രകാരം രോഗപ്രതിരോധശേഷിയും ഗുണമേന്മയും കൂടുതലുള്ള നാടൻ കന്നുകാലി ജനുസ്സുകളുടെ എണ്ണം കുറഞ്ഞ് വരുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട് |
| (ബി) കാലാവസ്ഥാ വ്യതിയാനം അതിജീവിക്കുന്നതും കൊഴുപ്പ് കൂടിയ പാൽ ഉല്പാദിപ്പിക്കുന്നതുമായ നാടൻ പശുക്കളുടെയും മറ്റും സംരക്ഷണത്തിനും വളർച്ചക്കും ഉതകുന്ന എന്തെങ്കിലും പദ്ധതി പ്രത്യേകമായി നടപ്പിലാക്കിയിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കുമോ;<br>(സി) നാടൻ പശുക്കളുടെ ഗുണമേന്മ വർദ്ധിപ്പിക്കുന്നതിനും കർഷകർക്ക് കൂടുതൽ പ്രോത്സാഹനം നൽകുന്നതിനും നവീനവും സമഗ്രവുമായ പദ്ധതി ആവിഷ്കരിച്ച് നടപ്പിലാക്കുമോ; വ്യക്തമാക്കാമോ? | (ബി) യും (സി) യും<br>നടപ്പിലാക്കിയിട്ടുണ്ട്.<br>എം.എസ്.ഡി.പി പദ്ധതിയുടെ ഭാഗമായി നാടൻ പശുക്കളെ വാങ്ങി വളർത്തുന്നതിനുവേണ്ടി ഒരു പശുവിന് 36,500/- രൂപ സബ്സിഡി നൽകുന്ന പദ്ധതി നടപ്പിലാക്കുന്നുണ്ട്.<br>2019-20 വർഷത്തിൽ ഒരു പശു വീതമുള്ള 70 യൂണിറ്റുകൾക്ക് ധനസഹായം നൽകുന്നതിന് തുക വകയിരുത്തി പ്രവർത്തനം നടത്തിവരുന്നു. കാസർഗോഡ് കുള്ളൻ, ഗിർ, വെച്ചൂർ മുതലായ തനത് ഇനങ്ങളെയാണ് പ്രധാനമായും ഇതിൽ ഉൾപ്പെടുത്തിയിരിക്കുന്നത്.<br>നാടൻ പശുക്കളെ കൂടുതൽ വളർത്തുന്നതിന് കർഷകർക്ക് പ്രോത്സാഹനം നൽകുന്നതിനുള്ള കൂടുതൽ പദ്ധതികൾ നടപ്പിലാക്കുന്നതാണ്.<br>വെച്ചൂർ, കാസർഗോഡ് കുള്ളൻ പശുക്കളിൽ അതേ ജനുസ്സിൽപ്പെട്ട വിത്തുകാളകളുടെ ബീജം നിക്ഷേപിക്കുന്നതിനായി ഈ ജനുസ്സിൽ പെട്ട വിത്തു കാളകളുടെ ഗാഢ ശീതീകരിച്ച ബീജമാത്രകൾ കേരള ലൈവ് സ്റ്റോക്ക് ഡെവലപ്മെന്റ് ബോർഡ് സംസ്ഥാനത്തിനകത്തെ ആവശ്യമുള്ള എല്ലാ കൃത്രിമ ബീജാധാന കേന്ദ്രങ്ങളിലും എത്തിക്കുകയും സൗജന്യ കൃത്രിമ ബീജാധാനം നൽകുകയും ചെയ്യുന്നുണ്ട്.<br>വെച്ചൂർ, കാസർഗോഡ് കുള്ളൻ പശുക്കളെ പരിപാലിക്കുന്ന കർഷകർക്ക് ഒറ്റത്തവണ ധനസഹായമായി പതിനായിരം രൂപ വിവിധ |

പദ്ധതികളിലൂടെ കേരള ലൈവ് സ്റ്റോക്ക് ഡെവലപ്മെന്റ് ബോർഡ് നൽകി വരുന്നു.

രാജ്യത്തെ അംഗീകൃത നാടൻ ജനുസ്സുകളെ ശാസ്ത്രീയമായി സംരക്ഷിച്ചു പോരുന്ന കർഷകർക്കും നാടൻ ജനുസ്സിൽപ്പെട്ട വർഗ്ഗഗുണമുള്ള ഉരുക്കളെ ശാസ്ത്രീയമായി പരിപാലിക്കുന്ന സംഘടനകൾ, സൊസൈറ്റികൾ, കർഷക കൂട്ടായ്മകൾ, എന്നിവർക്കും പുരസ്കാരങ്ങൾ നൽകി പ്രോൽസാഹിപ്പിക്കുന്നു.

കേരളത്തിന്റെ തനതു നാടൻ ജനുസ്സുകളായ വെച്ചൂർ പശുക്കൾക്കായി പ്രത്യേക പ്രജനന പദ്ധതി നടപ്പിലാക്കുന്നു. ഈ കേന്ദ്രാവിഷ്കൃത പദ്ധതിക്കായി 79 ലക്ഷം രൂപയാണ് അനുവദിച്ചിരിക്കുന്നത്. ആലപ്പുഴ, കൊല്ലം, പത്തനംതിട്ട, കോട്ടയം ജില്ലകളിൽ ഈ പദ്ധതി നടപ്പിലാക്കി വരുന്നു.

നാടൻ ജനുസ്സുകളായ സഹിവാൾ, വെച്ചൂർ എന്നീ പശുക്കളിൽ ഭ്രൂണമാറ്റം നടത്തി ഈ ജനുസ്സുകളുടെ കൂടുതൽ പശുക്കുട്ടികളെ ഉൽപ്പാദിപ്പിക്കുന്നതിനായി **2.48** കോടി രൂപയുടെ കേന്ദ്രസർക്കാർ പദ്ധതിക്ക് അംഗീകാരം ലഭിക്കുകയും പദ്ധതി നടപ്പിലാക്കി വരുകയും ചെയ്യുന്നു.

വെച്ചൂർ, കാസർഗോഡ് കുള്ളൻ എന്നിവയെ സംരക്ഷിക്കുന്നതിന്, തൃശ്ശൂർ ജില്ലയിലെ കേരള ലൈവ് സ്റ്റോക്ക് ഡെവലപ്മെന്റ് ബോർഡിന്റെ പുത്തൂർ ലൈവ്സ്റ്റോക്ക് ഫാമിൽ ഈ ഇനത്തിൽപെട്ട പശുക്കളേയും കന്നുകുട്ടികളേയും പരിപാലിച്ചു പോരുന്നു.

**സെക്ഷൻ ഓഫീസർ**